പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5127 | 30.06.2014-ൽ മറുപടിക്ക്.

## സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സേനയിലെ ജീവനക്കാർക്ക് വേണ്ടി ആരംഭിച്ച സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | : (എ) പത്തനംതിട്ട ജില്ലയിലെ ക്യാന്റീൻ കെ.എ.പി 3 അടൂരിലും, തൃശ്ശൂർ ജില്ലയിലെ ക്യാന്റീൻ KEPA (Kerala Police Academy) യിലും മലപ്പുറം ജില്ലയിലെ ക്യാന്റീൻ എം.എസ്.പിയിലുമാണ് പ്രവർത്തിച്ചു വരുന്നത്. മറ്റ് റവന്യൂ ജില്ലകളിലെ ക്യാന്റീനുകൾ അതാത് ജില്ലാ പോലീസ് ആസ്ഥാനങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) ഇവയിലേയ്ക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും സ്റ്റോക്കു ചെയ്യുന്നതിനും വില്പന നടത്തുന്നതിനും എന്തെങ്കിലും ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുണ്ടോ; | (ബി) കേന്ദ്ര ഗവൺമെന്റിന്റെ Ministry of Home Affairs ന്റെ കീഴിൽ CPC (Central Police Canteen) എന്ന ഓർഗനൈസേഷൻ നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചാണ് സബ് സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകൾ പ്രവർത്തിക്കുന്നത്. |
| സി) മാസ്റ്റർ ക്യാന്റീനുകൾ മുഖേന 2011-12-ലും 2012-13-ലും 2013-14 ലും എത്ര തുകയുടെ പർച്ചേസ് നടത്തിയിട്ടുണ്ട്; | (സി) വിശദ വിവരം അനുബന്ധം I ചേർത്തിരിക്കുന്നു |
| ഡി) മാസ്റ്റർ ക്യാന്റീനുകൾ മുഖേനയല്ലാതെ ലോക്കൽ പർച്ചേസ് മുഖേന 2011-12 ലും 2012-13-ലും 2013-214-ലും വിവിധ ക്യാന്റീനുകളിൽ എത്ര തുകയുടെ പർച്ചേസ് നടത്തിയിട്ടുണ്ട്; | (ഡി) മാസ്റ്റർ ക്യാന്റീൻ വഴി ലഭ്യമല്ലാത്ത സാധനങ്ങൾ പോലീസുദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി വെൽഫെയർ ബ്യൂറോയുടെ ഭാഗമായി പ്രവർത്തിയ്ക്കുന്ന Products Purchase Consultation കമ്മിറ്റി മുഖേന സാധനങ്ങൾ ലിസ്റ്റ് ചെയ്യുകയും അവ അതാത് ക്യാന്റീൻ ബ്രാഞ്ചുകൾ അംഗീകരിച്ച് വിലയും ഗുണ നിലവാരവും ഉറപ്പു വരുത്തി ക്യാന്റീനിൽ വിൽക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള പർച്ചേസിന്റെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

ഇ) മത്സരാധിഷ്ഠിത ടെൻഡർ മുഖേനയോ ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടോ ആണോ ഇതുവരെയുള്ള പർച്ചേസുകൾ നടത്തിയിട്ടുള്ളത്?

ഇ) മത്സരാധിഷ്ഠിത ടെൻഡറോ ക്വട്ടേഷനോ സ്വീകരിക്കുന്നില്ല.

എഫ്) ഇല്ലെങ്കിൽ മറ്റെന്തു മാർഗ്ഗമാണ് പർച്ചേസിംഗിന് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

എഫ്) പോലീസ് ആസ്ഥാനത്ത് പോലീസ് വെൽഫയർ ബ്യൂറോയുടെ കീഴിൽ ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രോഡക്ട് പർച്ചേസ് കൺസൾട്ടേഷൻ കമ്മിറ്റി പ്രവർത്തിയ്ക്കുന്നുണ്ട്. പ്രസ്തുത കമ്മിറ്റിയാണ് ക്യാന്റീനുകളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരവും വിലയും നിശ്ചയിക്കുന്നത്. അപ്രകാരം നിശ്ചയിച്ച സാധനങ്ങൾ മാത്രമാണ് കൺസൈൻമെന്റ് വ്യവസ്ഥയിൽ പോലീസ് ക്യാന്റീനുകളുടെ വിവിധ ബ്രാഞ്ചുകളിലൂടെ വിൽക്കുന്നത്. വ്യവസായ/വ്യാപാര സ്ഥാപനങ്ങൾ അവരുടെ ഉൽപന്നങ്ങൾ ക്യാന്റീൻ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകുകയും അവ വിൽക്കുന്ന മുറയ്ക്ക് വിറ്റഴിഞ്ഞുകിട്ടിയ തുക മാത്രം വ്യവസായ/വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

1

അനുബന്ധം I

അനുബന്ധം II

| District | Ans. C (CPC PURCHASE) | | | Ans. D (Non CPC PURCHASE) | | |
|---|---|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2011-12 | 2012-13 | 2013-14 |
| TVM | 8,024,408.21 | 31,499,741.28 | 42,312,988.77 | 5,453,700.64 | 129,122,018.04 | 143,981,485.62 |
| KLM | NIL | 20,151,857.04 | 24,835,562.46 | NIL | 68,853,526.62 | 74,586,365.16 |
| PTA | NIL | 6,527,027.79 | 6,390,837.38 | NIL | 23,613,233.27 | 41,564,527.85 |
| ALPY | NIL | 12,439,900.51 | 13,127,816.18 | NIL | 41,732,650.84 | 80,170,032.99 |
| KTYM | NIL | 15,389,868.34 | 15,724,257.28 | NIL | 44,552,854.93 | 49,805,132.09 |
| IDKI | NIL | 5,468,928.60 | 4,113,265.78 | NIL | 15,723,231.88 | 17,432,615.68 |
| EKM | NIL | 16,572,707.56 | 16,990,929.58 | NIL | 70,313,071.20 | 99,417,630.91 |
| TSR | NIL | 17,954,541.47 | 19,037,154.69 | NIL | 78,459,583.44 | 99,449,370.42 |
| PLKD | NIL | 11,790,852.44 | 19,655,685.75 | NIL | 32,043,138.06 | 73,095,958.56 |
| MLPM | NIL | 11,173,709.14 | 13,273,753.44 | NIL | 24,345,810.64 | 46,891,285.62 |
| KKD | NIL | 14,481,722.39 | 22,941,877.68 | NIL | 41,018,088.81 | 54,622,509.91 |
| WYND | NIL | 3,453,787.79 | 3,723,877.53 | NIL | 12,043,404.06 | 15,404,178.87 |
| KNR | NIL | 13,381,940.77 | 20,458,195.44 | NIL | 28,202,273.01 | 46,965,782.99 |
| KSGD | NIL | 3,278,756.98 | 3,119,754.49 | NIL | 9,847,337.67 | 12,747,698.54 |
| **TOTAL** | **8,024,408.21** | **183,565,342.10** | **225,705,956.45** | **5,453,700.64** | **619,870,222.48** | **856,134,575.22** |

(50)